"ഭരണഭാഷ മാതൃഭാഷ"

ICDS/B3-4509/21

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 27.05.2021
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

മാഡം,

വിഷയം: വനിത ശിശുവികസന ഡയറക്ടറേറ്റ് - ഐ.സി.ഡി.എസ് - അങ്കണവാടി പ്രീസ്കൂൾ - താൽക്കാലികമായി അവധി പ്രഖ്യാപിക്കുന്നത് - സംബന്ധിച്ച്.

സൂചന:

ലോക്ക്ഡൗണിനെ തുടർന്ന് അങ്കണവാടി വഴിയുള്ള ഭക്ഷണ വിതരണം Take Home Ration (THR) ആയി നൽകുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ, അങ്കണവാടി മുഖാന്തിരം ആറ് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, SUW, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ തുടങ്ങിയവർക്ക് ഇപ്പോൾ Take Home Ration ആയി നൽകുന്ന ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നില്ലെന്നും, ലഭിക്കുന്നതിൽ അളവിൽ കുറവ് വരുന്നതായും ഫോൺ മുഖാന്തിരം പരാതികൾ ലഭിക്കുന്നു. ചില അങ്കണവാടികളിൽ ഭക്ഷ്യ വിതരണത്തിൽ തടസ്സം നേരിടുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇംപ്ലിമെന്റിംഗ് ഓഫീസർമാരുടെ ശ്രദ്ധക്കുറവാണ് ഇതിന് കാരണം. അങ്കണവാടിയിൽ ഭക്ഷ്യ ധാന്യത്തിന്റെ കുറവ് വരുന്നത് മുൻകൂട്ടി കണക്കാക്കുന്നതിൽ സൂപ്പർവൈസർമാർക്ക് പിഴവ് സംഭവിക്കുന്നതും ഭക്ഷ്യ വിതരണത്തിന് തടസ്സം നേരിടുന്നതിന് കാരണമാണ്. ആയതിനാൽ പ്രോഗ്രാം ഓഫീസർ തലത്തിൽ അതാത് ജില്ലയിലെ സൂപ്പർവൈസർമാരെ പങ്കെടുപ്പിച്ച് വീഡിയോ കോൺഫറൻസ് 31.05.2021 നകം സംഘടിപ്പിക്കേണ്ടതും ഫീഡിംഗ് തടസം ഉണ്ടാകാതിരിക്കുവാൻ ആവശ്യമായ നടപടി

സ്വീകരിക്കേണ്ടതുമാണ്. വീഡിയോ കോൺഫറൻസ് സംഘടിപ്പിച്ചതിന്റെ വിശദാംശം, ഫീഡിംഗിന് സ്വീകരിച്ച നടപടി എന്നിവയുടെ റിപ്പോർട്ട് ക്രോഡീകരിച്ച് ലഭ്യമാക്കേണ്ടതാണ്. VC യിൽ feeding interruption ന് ഒപ്പം പഞ്ചായത്ത് ഫണ്ടിന്റെ അപര്യാപ്തത, ന്യൂട്രിമിക്സ് ബിൽ യഥാസമയം നൽകുന്നതിന്റെ ആവശ്യകത മുതലായ വിവരം ഉൾപ്പെടുത്തേണ്ടതാണ്.

അതോടൊപ്പം 2021 – 22 1st quarter അരി സിവിൽ സപ്ലൈസ് മുഖാന്തിരം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ അതാത് അങ്കണവാടികളിൽ അരി സ്വീകരിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നൽകുന്നതിന് വർക്കർമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

For വനിത ശിശു വികസന ഡയറക്ടർ

JF/21